**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6296** **10-11-2021 - ൽ മറുപടിയ്ക്ക്**

**പ്രൈസ് പ്രിഫറൻസ് ലഭിക്കുന്ന സ്ഥാപനങ്ങളും സൊസൈറ്റികളും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പ്രൈസ് പ്രിഫറൻസ് ലഭിക്കുന്ന സ്ഥാപനങ്ങളും സൊസൈറ്റികളും ഏതെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | 1969-ലെ സഹകരണ കേരളാ കോ- ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തുന്ന എല്ലാ ലേബർ കോൺട്രാക്ട് സൊസൈറ്റികൾക്കും 13/11/1997- ലെ സ.ഉ.(കൈ)നം.135/97/സഹ., 09/01/2018-ലെ സ.ഉ.(കൈ)നം.1/2018/സഹ. എന്നീ ഉത്തരവുകളിൽ പരാമർശിച്ചിരിക്കുന്ന പ്രൈസ് പ്രിഫറൻസിന് അർഹതയുണ്ട്. ഏകദേശം 700 സൊസൈറ്റികൾ ഉണ്ട്. ആയതിൽ പലതും ഇപ്പോൾ പ്രവർത്തന ക്ഷമമല്ലാത്തതിനാൽ പ്രസ്തുത സ്ഥാപനങ്ങളുടേയും സൊസൈറ്റികളുടേയും കണക്കെടുപ്പ് ദുഷ്കരമാണ്. |
| (ബി) | പ്രസ്തുത സ്ഥാപനങ്ങൾക്കും സൊസൈറ്റികൾക്കും എന്തെല്ലാം പരിഗണനയാണ് ടെൻഡറുകളിൽ ലഭിക്കുന്നത്; വ്യക്തമാക്കാമോ; | (ബി) | 13.11.1997-ലെ സ.ഉ(കൈ)നം.135/97/സഹ., 09/01/2018-ലെ സ.ഉ.(കൈ) നം.1/2018/സഹ. എന്നിവയിൽ പ്രതിപാദിച്ചിട്ടുള്ള എല്ലാ പരിഗണനകളും ലഭിക്കുന്നുണ്ട്. പൊതുമരാമത്ത് വകുപ്പിന് കീഴിലെ ടെണ്ടറുകളിൽ പങ്കെടുക്കുന്ന ലേബർ കോൺടാക്ക്റ്റ് സൊസൈറ്റികൾക്ക് 19.03.2020-ലെ സ.ഉ(കൈ)നം.41/2020/പൊ.മ.വ പ്രകാരം ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തുന്ന കരാറുകാരന്റെ തുകയിൽ 10% വരെ പ്രൈസ് പ്രിഫറൻസ് നൽകുന്നുണ്ട്. സപ്ലൈ & ഡിസ്ട്രിബ്യൂഷൻ പ്രവൃത്തികൾക്ക് MSME-കൾക്ക് പ്രൈസ് പ്രിഫറൻസ് നൽകുന്നുണ്ട്. |
| (സി) | 2011 മുതൽ 2016 വരെ ഊരാളുങ്കൽ ലേബർ കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് എത്ര കോടി രൂപയുടെ വർക്കുകൾ ടെൻഡറില്ലാതെ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (സി) | നിരത്ത് വിഭാഗം - 687 കോടി രൂപ പാലങ്ങൾ വിഭാഗം - 146.50 കോടി രൂപ ദേശീയപാതാ വിഭാഗം - 267.53 കോടി രൂപ |
| (ഡി) | 2016 മുതൽ 2021 മാർച്ച് വരെ പ്രസ്തുത സൊസൈറ്റിക്ക് എത്ര കോടി രൂപയുടെ വർക്കുകൾ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (ഡി) | നിരത്ത് വിഭാഗം - 82.94 കോടി രൂപ പാലങ്ങൾ വിഭാഗം - 21.33 കോടി രൂപ കെട്ടിട വിഭാഗം - |

| | | | |
|---|---|---|---|
| | | | 33.95 കോടി രൂപ ദേശീയ പാതാ വിഭാഗം - 368.96 കോടി രൂപ |

സെക്ഷൻ ഓഫീസർ